REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-02-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നാവിക കരുത്ത് വിളിച്ചറിയിച്ച് അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂ വിശാഖപട്ടണത്ത് പുരോഗമിക്കുന്നു; വിലയിരുത്തി രാഷ്ട്രപതി ദ്രൗപതി മുർമു.**
- **ന്യൂഡൽഹിയിൽ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ വിവിധ ലോകനേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചകൾ തുടങ്ങി.**
- **പത്ത് സംസ്ഥാനങ്ങളിലെ 37 രാജ്യസഭാ സീറ്റുകളിലെ തിരഞ്ഞെടുപ്പ് മാർച്ച് 16ന് .**
- **ശബരിമല സ്വർണ്ണക്കൊള്ള കേസിൽ, തന്ത്രി കണ്ഠരര് രാജീവരർക്ക് ജാമ്യം.**
- **ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ ഇന്ന് നെതർലാൻഡ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

നാവിക കരുത്ത് വിളംബരം ചെയ്ത് അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂ വിശാഖപട്ടണത്ത് പുരോഗമിക്കുന്നു. സായുധ സേനയുടെ സുപ്രീം കമാൻഡർ എന്ന നിലയിൽ, രാഷ്ട്രപതി ദ്രൗപതി മുർമു ഫ്ലീറ്റ് റിവ്യൂ വിലയിരുത്തുകയാണ്. വിശാഖപട്ടണത്തെത്തിയ രാഷ്ട്രപതിക്ക് ഈസ്റ്റേൺ നേവൽ കമാൻഡ്, ഗാർഡ് ഓഫ് ഓണർ നൽകി ആദരിച്ചു. മുതിർന്ന നാവികസേനാ ഉദ്യോഗസ്ഥർ ചേർന്നാണ് അവരെ സ്വീകരിച്ചത്.

ഐഎൻഎസ് സുമേധ എന്ന പ്രെസിഡൻഷ്യൽ യാട്ടിൽ സഞ്ചരിച്ചാണ്, തീരക്കടലിൽ നങ്കൂരമിട്ടിരിക്കുന്ന ഇന്ത്യൻ കപ്പലുകളെയും വിദേശ നാവിക

കപ്പലുകളെയും രാഷ്ട്രപതി നിരീക്ഷിക്കുന്നത്. യുദ്ധക്കപ്പലുകളുടെയും അന്തർവാഹിനികളുടെയും സ്റ്റീം പാസ്റ്റ്, നാവിക വിമാനങ്ങളുടെ ഫ്ലൈപാസ്റ്റ്, കപ്പലോട്ടം, ഹെലികോപ്റ്ററുകളുടെ സെർച്ച് ആൻഡ് റെസ്ക്യൂ പ്രകടനങ്ങൾ, മറൈൻ കമാൻഡോകളുടെ അഭ്യാസപ്രകടനങ്ങൾ എന്നിവ ചടങ്ങിന്റെ പ്രധാന ആകർഷണങ്ങളാണ്.

സമുദ്രസുരക്ഷ വർദ്ധിപ്പിക്കുന്നതിനും, സൗഹൃദ രാജ്യങ്ങൾ തമ്മിൽ സഹകരണം ദൃഢമാക്കുന്നതിനുമാണ് അന്താരാഷ്ട്ര ഫ്ലീറ്റ് റിവ്യൂ ലക്ഷ്യമിടുന്നത്. 2016-ന് ശേഷം രണ്ടാം തവണയാണ് വിശാഖപട്ടണം ഈ അന്താരാഷ്ട്ര നാവിക സംഗമത്തിന് വേദിയാകുന്നത്. 15ന് തുടങ്ങിയ ഫ്ലീറ്റ് റിവ്യൂ 25 ന് സമാപിക്കും.

✪✪✪

ഇന്ത്യ-എഐ ഇംപാക്റ്റ് ഉച്ചകോടിയിൽ പങ്കെടുക്കാൻ തലസ്ഥാനത്തെത്തിയ വിവിധ രാജ്യങ്ങളിലെ ഭരണത്തലവന്മാരുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചകൾ തുടങ്ങി. ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ സ്പെയിൻ പ്രസിഡന്റ് പെഡ്രോ സാഞ്ചസുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ഫിൻലാൻഡ് പ്രധാനമന്ത്രി ആന്റി പെറ്റേരി ഓർപോ, സെർബിയ പ്രസിഡന്റ് അലക്സാണ്ടർ വുചിച്ച്, ക്രൊയേഷ്യൻ പ്രധാനമന്ത്രി ആൻഡ്രെജ് പ്ലെൻകോവിച്ച്, എസ്റ്റോണിയ പ്രസിഡന്റ് അലർ കാരിസ്, ഭൂട്ടാൻ പ്രധാനമന്ത്രി ദാഷോ ഷെറിങ് തോബ്ഗെ, കസാക്കിസ്ഥാൻ പ്രധാനമന്ത്രി ഒൽഷാസ് ബെക്റ്റെനോവ് എന്നിവരുമായും പ്രധാനമന്ത്രി ഇന്ന് ചർച്ചകൾ നിശ്ചയിച്ചിട്ടുണ്ട്.

ഇന്ന് രാവിലെ ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈയുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു.

✪✪✪

ഇന്ത്യ-എഐ ഇംപാക്റ്റ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് സ്പെയിൻ പ്രസിഡന്റ് പെഡ്രോ സാഞ്ചസ് പെരസ്-കാസ്റ്റെജോൺ ന്യൂഡൽഹിയിലെത്തി. കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരി വിമാനത്താവളത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. ഇരുരാജ്യങ്ങളും തമ്മിലെ സാങ്കേതിക സഹകരണത്തെക്കുറിച്ചും, നൈപുണ്യ വികസനത്തെക്കുറിച്ചും നിർണ്ണായക ചർച്ചകൾ ഉച്ചകോടിയിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

2026-ൽ ഫ്രാൻസിന്റെ അധ്യക്ഷതയിൽ നടക്കുന്ന 52-ാമത് G-7 ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ഔദ്യോഗികമായി ക്ഷണിച്ചു. ഫ്രാൻസിലെ

എവിയാനിലെ ഉച്ചകോടിക്ക് മുന്നോടിയായി, അന്താരാഷ്ട്ര അജണ്ടകളിൽ പൊതു ധാരണയിലെത്തുന്നതിന് ഇന്ത്യയും ഫ്രാൻസും തമ്മിൽ പ്രത്യേക അഡ്ഹോക് കൂടിക്കാഴ്ച നടത്തണമെന്ന് അദ്ദേഹം മുംബൈയിൽ നിർദ്ദേശിച്ചു.

✪✪✪

ന്യൂഡൽഹിയിൽ ഇന്ത്യ AI ഇംപാക്ട് ഉച്ചകോടിയുടെ മൂന്നാം ദിനമായ ഇന്ന് നിർണ്ണായകമായ ചർച്ചകളും ഗവേഷണ സംഗമങ്ങളും നടക്കും. എസ്റ്റോണിയൻ പ്രസിഡന്റ് അലാർകാരിസ്, കേന്ദ്ര ഐടി-ഇലക്ട്രോണിക്സ് മന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കുന്ന ഗവേഷണ സിമ്പോസിയമാണ് ഇന്നത്തെ പ്രധാന ആകർഷണം. കൂടാതെ, ഉച്ചകോടിയുടെ ഉദ്ഘാടന സെഷനും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രഖ്യാപനവും ഇന്നാണ്. ഇന്ത്യ AI ഇംപാക്ട് സമ്മിറ്റിന്റെ കാഴ്ചപ്പാടുകൾ, മുൻഗണനകൾ, ഭാവി അജണ്ടകൾ എന്നിവ ഈ സെഷനിൽ വിശദമായി ചർച്ച ചെയ്യും.

"സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കും അപ്പുറം AI എങ്ങനെ ആഗോള വികസനത്തെ പുനർനിർമ്മിക്കും" എന്ന വിഷയത്തിൽ പ്രത്യേക സെഷനും ഇന്നത്തെ അജണ്ടയിലുണ്ട്. ആഗോളതലത്തിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ശേഷി വികസനത്തിനും, പുതിയ വികസന പാതകൾ തുറക്കുന്നതിനും AI എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ഈ സെഷൻ വിലയിരുത്തും.

✪✪✪

പത്ത് സംസ്ഥാനങ്ങളിലെ 37 രാജ്യസഭാ സീറ്റുകളിലേക്ക് തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. മഹാരാഷ്ട്ര, ഒഡീഷ, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, ബീഹാർ, ചത്തിസ്ഗഢ്, ഹരിയാന, ഹിമാചൽ പ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിലെ ഒഴിവ് വന്ന രാജ്യസഭാ സീറ്റുകളിലേക്ക് മാർച്ച് 16ന് തിരഞ്ഞെടുപ്പും, വോട്ടെണ്ണലും നടത്തുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ മാസം 26ന് വിജ്ഞാപനം പുറപ്പെടുവിക്കും. മാർച്ച് അഞ്ച് വരെ നാമനിർദേശം നൽകാം. ആറിന് സൂക്ഷ്മ പരിശോധന നടത്തും. ഒൻപത് വരെ പത്രിക പിൻവലിക്കാമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

✪✪✪

ശ്രീരാമകൃഷ്ണ പരമഹംസരുടെ ജന്മവാർഷിക ദിനത്തിൽ, ആഭ്യന്തരമന്ത്രി അമിത്ഷാ സ്മരണാഞ്ജലിയർപ്പിച്ചു. ആത്മീയതയിലൂടെയും, ധാർമ്മിക ജീവിതത്തിലൂടെയും മനുഷ്യരാശിയ്ക്ക് സാഹോദര്യത്തിന്റെ സന്ദേശം പകർന്നുനൽകാൻ, രാമകൃഷ്ണ പരമഹംസർക്ക് കഴിഞ്ഞെന്ന് അമിത്ഷാ

സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പരമഹംസരുടെ ഉന്നതമായ ആദർശങ്ങളും, ചിന്തകളും എല്ലാ പ്രായക്കാർക്കും എക്കാലവും പ്രചോദനമായിരിക്കുമെന്ന് ആഭ്യന്തരമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ധനകാര്യ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗം പാർലമെന്റ് ഹൗസ് അനക്സിൽ ചേരുന്നു. ധനമന്ത്രാലയത്തിന് കീഴിലെ ഫിനാൻഷ്യൽ സർവീസസ് ഡിപ്പാർട്ട്മെന്റിലെ പ്രതിനിധികളും, കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിലെ പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പതുയുഗ യാത്ര പാലക്കാട് ജില്ലയിലെ പര്യടനം പൂർത്തിയാക്കി തൃശൂർ ജില്ലയിൽ പ്രവേശിച്ചു. ജില്ലയിലെ ആദ്യസ്വീകരണം ചേലക്കര കോൺവന്റ് ജംഗ്ഷനിലായിരുന്നു. UDF സംസ്ഥാന - ജില്ലാനേതാക്കൾ സ്വീകരണ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ പ്രസവത്തെ തുടർന്ന് കുഞ്ഞ് മരിച്ചെന്ന പരാതിയിൽ അടിയന്തര അന്വേഷണം നടത്തി ശക്തമായ നടപടി സ്വീകരിക്കാൻ മന്ത്രി വീണാ ജോർജ് നിർദേശം നൽകി. ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് മന്ത്രി ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയത്.

✪✪✪

നെടുമങ്ങാട് ജില്ലാശുപത്രിയിൽ ഡോക്ടർമാരെ ആക്രമിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശനനടപടിയെടുക്കണമെന്ന് KGMOA ആവശ്യപ്പെട്ടു. ജില്ലാ ആശുപത്രിയിൽ നവജാത ശിശു മരണപ്പെട്ട സംഭവം അതീവ ദുഃഖകരവും വേദനാജനകവുമാണ്. എന്നാൽ സംഭവത്തെ മറയാക്കി, ആശുപത്രി സൂപ്രണ്ടിനെയും, ജില്ലാ മെഡിക്കൽ ഓഫീസറെയും ലക്ഷ്യമിട്ട് നടത്തുന്ന അതിക്രമങ്ങളും, ആൾക്കൂട്ട വിചാരണയും ജനാധിപത്യ സമൂഹത്തിന് അംഗീകരിക്കാനാകാത്ത പ്രവണതകളാണെന്ന് KGMOA അറിയിച്ചു. ഇതിനെതിരെ KGMOA തിരുവനന്തപുരം ജില്ലാ ഘടകം ഇന്ന് പ്രതിഷേധ ദിനമായി ആചരിക്കുകയാണ്.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ, തന്ത്രി കണ്ഠരര് രാജീവരർക്ക് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. കട്ടിളപ്പാളി, ദ്വാരപാലക ശില്പ കേസുകളിലെ ഹർജികളിലാണ് ജാമ്യം നൽകിയത്.

പത്തനംതിട്ട ജില്ലയിൽ പ്രവേശിക്കാൻ പാടില്ല, കേരളത്തിന് പുറത്തുപോകാൻ പാടില്ല എന്നീ ഉപാധികളോടെയാണ് ജാമ്യം. തന്ത്രി ജയിലിൽനിന്ന് ഇറങ്ങുമ്പോൾ മാധ്യമങ്ങളോട് ആശയവിനിമയം നടത്തരുതെന്നും നിർദേശമുണ്ട്. ആദ്യ കേസിൽ അറസ്റ്റിലായി നാൽപ്പതാം ദിവസമാണ് തന്ത്രിക്ക് ജാമ്യം ലഭിച്ചത്.

✪✪✪

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് മൂന്ന് മത്സരങ്ങൾ. ഗ്രൂപ്പ് D മത്സരത്തിൽ ഡൽഹിയിൽ ദക്ഷിണാഫ്രിക്ക, UAE യെ നേരിടുകയാണ്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിന് ഇറങ്ങിയ UAE, 15.4 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 98 റൺസെടുത്തിട്ടുണ്ട്.

ഉച്ചകഴിഞ്ഞ് മൂന്നിന് കൊളംബോയിൽ ഗ്രൂപ്പ് A മത്സരത്തിൽ പാകിസ്ഥാൻ, നമീബിയയുമായി ഏറ്റുമുട്ടും.

മൂന്നാം മത്സരത്തിൽ, വൈകിട്ട് ഏഴിന് അഹമ്മദാബാദിൽ ഗ്രൂപ്പ് A മത്സരത്തിൽ ഇന്ത്യ, നെതർലാൻഡ്സിനെ നേരിടും.

✪✪✪

അതി ദാരിദ്ര്യം ഇല്ലാതാക്കുന്ന യജ്ഞത്തിൽ, തദ്ദേശ സ്ഥാപനങ്ങളാണ് ഏറ്റവും കൂടുതൽ പ്രവർത്തിച്ചതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ലോകത്ത് ചൈന കഴിഞ്ഞാൽ കേരളമാണ് അതി ദാരിദ്ര്യം ഇല്ലാത്ത പ്രദേശമായതെന്നും, അദ്ദേഹം കണ്ണൂരിൽ സംസ്ഥാന തദ്ദേശ ദിനാഘോഷം ഉദ്ഘാടനം ചെയ്യവെ പറഞ്ഞു. തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകി വരുന്ന പദ്ധതി വഹിതത്തിൽ, ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞെന്നും ഇക്കാര്യത്തിൽ രാജ്യത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് കേരളമാണെന്നും MB രാജേഷ് അറിയിച്ചു. ചടങ്ങിൽ എം വി ഗോവിന്ദൻ MLA അധ്യക്ഷനായിരുന്നു

✪✪✪

പഴയ വാഹനങ്ങൾ പൊളിച്ച് ആക്രിയാക്കാനും ഔദ്യോഗികമായി സ്ക്രാപ്പ് സർട്ടിഫിക്കറ്റ് നൽകാനും മലപ്പുറം എടപ്പാളിൽ തുടങ്ങുന്ന ആദ്യകേന്ദ്രത്തിന് നാളെ രാവിലെ മന്ത്രി KB ഗണേഷ് കുമാർ തറക്കല്ലിടും. കണ്ടനകം KSRTC റീജ്യണൽ വർക്ക്ഷോപ്പിനടുത്ത് സ്വകാര്യ സ്ഥാപനത്തിന് പാട്ടത്തിന് നൽകിയ സ്ഥലത്താണ് പദ്ധതി.

2021–22 ൽ മോട്ടോർ വാഹന നിയമ ഭേദഗതിയെ തുടർന്നാണ് 15 വർഷം കഴിഞ്ഞ വാഹനങ്ങൾ പൊളിക്കാനും, സ്ക്രാപ്പ് സർടിഫിക്കറ്റ് വാങ്ങാനും നിർദേശിച്ചത്. ഇതിന്റെ ഭാഗമായി ഗവൺമെന്റും, KSRTCയും സ്വകാര്യ സംരംഭകരും കൈകോർക്കുകയായിരുന്നു. സിംകോ RVSF പ്രൈവറ്റ് ലിമിറ്റഡിനാണ് പദ്ധതിയുടെ ചുമതല.

✪✪✪

മത്സ്യത്തൊഴിലാളി മേഖലയിലെ യുവാക്കൾക്കായി നടത്തുന്ന “തൊഴിൽതീരം” തൊഴിൽമേള, മന്ത്രി സജി ചെറിയാൻ ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. മത്സ്യബന്ധന വകുപ്പും, കേരള നോളെജ് ഇക്കോണമി മിഷനും വിജ്ഞാനകേരളവും സംയുക്തമായാണ്, തൊഴിൽതീരം പദ്ധതി നടപ്പാക്കുന്നത്. മത്സ്യത്തൊഴിലാളി സമൂഹത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പരിശീലനവും, തൊഴിലും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

✪✪✪

കോഴിക്കോട് പാളയത്ത് വസ്ത്ര നിർമാണ ശാലയിലുണ്ടായ തീപിടുത്തത്തിന്റെ കാരണം ഇനിയും വ്യക്തമല്ല. ഇക്കാര്യത്തിൽ ഫോറൻസിക് പരിശോധന ഉൾപ്പടെ പൂർത്തികരിക്കാനുണ്ടന്ന് അഗ്നിരക്ഷാ അധികൃതർ അറിയിച്ചു. സംഭവസ്ഥലത്ത് വിവിധ വകുപ്പുകളുടെ പരിശോധനകൾ തുടരുകയാണ്.

✪✪✪

സൈനിക സ്ക്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട കൗൺസിലിംഗിന് രജിസ്ട്രേഷൻ സൗജന്യമാണെന്ന് രാജ്യരക്ഷാ മന്ത്രാലയ വക്താവ് തിരുവനന്തപുരത്ത് അറിയിച്ചു.

സൈനിക സ്ക്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ടു ചില വിദ്യാർത്ഥികൾക്ക് വ്യാജ സന്ദേശം ലഭിച്ച പശ്ചാത്തലത്തിലാണ് രാജ്യരക്ഷാ മന്ത്രാലയത്തിന്റെ മുന്നറിയിപ്പ്. കൗൺസിലിങ് രജിസ്ട്രേഷൻ സംബന്ധിച്ചാണ് ചില വെബ് സൈറ്റുകളിൽ നിന്നു വിദ്യാർത്ഥികൾക്കു വ്യാജ സന്ദേശങ്ങൾ ലഭിച്ചത്. പണം അടക്കാനും ഈ സന്ദേശം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ സൈനിക സ്ക്കൂൾ സൊസൈറ്റി മാർഗനിർദ്ദേശങ്ങൾ പ്രകാരം കൗൺലിങ് രജിസ്ട്രേഷൻ സൗജന്യമാണെന്ന് അധികൃതർ വ്യക്തമാക്കി.

✪✪✪

ഇന്നലെ മാസപ്പിറവി കണ്ടതായി വിവരം ലഭിക്കാത്തതിനാൽ സംസ്ഥാനത്ത് നാളെയായിരിക്കും റമദാൻ വ്രതാരംഭമെന്ന് വിവിധ ഖാസിമാർ അറിയിച്ചു. മാസപ്പിറവി കണ്ടതായി വിവരം ലഭിക്കാത്തതിനാൽ ശഅ്ബാൻ 30

പൂർത്തീകരിച്ച് നാളെ റമദാൻ ഒന്നായിരിക്കുമെന്ന് പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, സംയുക്ത മഹല്ല് ജമാഅത്ത് ഖാസി സയ്യിദ് ഇബ്റാഹീമുൽ ഖലീൽ അൽബുഖാരി, കാന്തപുരം A.P അബൂബക്കർ മുസലിയാരുടെ പ്രതിനിധി C മുഹമ്മദ് ഫൈസി, തിരുവനന്തപുരം വലിയ ഖാസി ചന്തിരൂർ വി.എം അബ്ദുല്ലാ മൗലവി എന്നിവർ അറിയിച്ചു.

ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് റമദാൻ വ്രതാരംഭം. ഒമാനിൽ നാളെ മുതലാണ് റമദാൻവ്രതം ആരംഭിക്കുന്നത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader : സബിത കെ,*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*